(രാവിലെ 10.47-ന് നിറുത്തിവച്ച സഭ 11.34-ന് പുനരാംരംഭിച്ചു)

മി. സ്പീക്കർ: സഭാ നടപടികൾ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി ചെയർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കക്ഷിനേതാക്കന്മാരോടും പ്രതിപക്ഷ ഉപനേതാവിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷനേതാക്കൻമാരോടും സംസാരിച്ചു. രണ്ടുകൂട്ടരോടും സംസാരിച്ചുവെങ്കിലും നിലവിലുള്ള അനിശ്ചിതത്വം ഇല്ലാതാക്കാൻ കഴിഞ്ഞില്ല. അതിൽ ചെയറിന് ഖേദമുണ്ട്. സഭാനടപടികൾ നമുക്ക് നടത്തിക്കൊണ്ടുപോകണം. എല്ലാവരും ഒരു കാര്യം ശ്രദ്ധിക്കേണ്ടത് കഴിഞ്ഞ പ്രാവശ്യവും ഫിനാൻസ് ബിൽ തന്നെയാണ് ഇതുപോലെ റഫർ ചെയ്ത് പോയത്, അല്ലെങ്കിൽ ഗില്ലറ്റ് ചെയ്തത്. ഗില്ലറ്റിംഗ് എന്നുപറഞ്ഞാൽ കില്ലിംഗ് ആണ്, ചർച്ച കൂടാതെ പോകുന്നു. നമ്മുടെ ജനാധിപത്യത്തിൽ ജനങ്ങളുടെ പ്രതിനിധികളായി വരുന്ന നമ്മൾ, ജനാഭിലാഷത്തെ പ്രതിനിധീകരിക്കുന്ന നമ്മൾ ചർച്ച കൂടാതെ തന്നെ ഇത്തരം കാര്യങ്ങൾ പാസ്സാക്കി പോകുന്നത് ഖേദകരം മാത്രമല്ല അത് ശരിയുമല്ല. അതൊക്കെ ജനാധിപത്യ വിരുദ്ധമാണ്........ ഏതായാലും സഭാ നടപടികളുമായി മുന്നോട്ടുപോകാൻ ചെയർ ബാധ്യസ്ഥനായിരിക്കുന്നു. പ്രതിപക്ഷത്തെ പ്രത്യേകിച്ച് കുറ്റപ്പെടുത്തിക്കൊണ്ടല്ല ഞാൻ പറഞ്ഞത്......( ബഹളം). . . ..... സഭ നടത്തിക്കൊണ്ട് പോകാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. ഭരണകക്ഷിക്കും പ്രതിപക്ഷത്തിനുമുണ്ട്. ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് നടുത്തളത്തിൽ ഇരുന്നു)

റിപ്പോർട്ട് സമർപ്പണം

**അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട്**

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

**ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന**

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ.........

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല).

**നിയമനിർമ്മാണ കാര്യം**

2012-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും

ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന യ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-13 വർഷത്തേയ്ക്കുള്ള ഫിനാൻസ് ബിൽ ബഡ്ജറ്റിലെ 364, 366, 369, 372 - 394, 396 എന്നീ ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങളും നികുതി ഇളവുകളും 01-04-2012 മുതൽ പ്രാബല്യം നൽകുന്നതിനുവേണ്ടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കേരള സ്റ്റാമ്പ് ആക്ട്, കേരള ലാന്റ് ടാക്സ് ആക്ട്, ജനറൽ സെയിൽസ് ടാക്സ് ആക്ട്, മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട്, ലക്ഷ്വറി ടാക്സ് ആക്ട്, കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട്, കേരള ഫിനാൻസ് ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ്. ബഡ്ജറ്റിൽ ചർച്ച നടത്തിയതായതിനാൽ ഇപ്പോൾ ചർച്ചയുടെ ആവശ്യമില്ല. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. കെ. നാരായണൻ (നോട്ട് ഇൻ ദ സീറ്റ്)

ശ്രീ. തോമസ് ഉണ്ണിയാടൻ ( നോട്ട് ഇൻ ദ സീറ്റ്)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2012-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച ഒഴിവാക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ 2012-ലെ കേരള ധനകാര്യ ബില്ലിന്മേലുള്ള ചർച്ച ഒഴിവാക്കി.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എൻ. ഷംസുദ്ദീൻ :സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ

സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സഭ പിരിഞ്ഞാലുടൻ സബ്ജക്ട് കമ്മിറ്റി യോഗം കൂടേണ്ടതാണ്.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് റൂൾ വെയ്വ് ചെയ്ത് സബ്ജക്ട് കമ്മിറ്റി ഇപ്പോൾ കൂടാവുന്നതാണ്. അത് അംഗീകരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലായ് മാസം 13-ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.41-ന് പിരിഞ്ഞു.)

********